| ക്ലാസ് : 3 | യൂണിറ്റ് 7 - ഒരു സ്വപ്നം പോലെ | മൊഡ്യൂൾ 13. | നീലാകാശം |
|---|---|---|---|

| | |
|---|---|
| **ആമുഖം** | ഗഗന രഥത്തിലേറി പ്രപഞ്ച സഞ്ചാരം നടത്തുന്ന കുട്ടി മനസ്സാണ് ശ്രീ. വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ നീലാകാശം എന്ന ഈ കവിതയുടെ പ്രമേയം. മനസ്സെന്ന മഹാ പ്രതിഭാസത്തിന്റെ അപാരമായ ശക്തിയെ പ്രകീർത്തിക്കുന്ന കവിതായാണിത്. മായികമായ സാങ്കല്പിക ലോകത്തേക്കുയർന്ന് സ്വപ്നങ്ങൾ കാണാൻ ഈ കവിത കുട്ടികൾക്ക് പ്രേരണയാകും. |
| **ആശയം** | സ്വപ്നങ്ങൾക്കും മോഹങ്ങൾക്കും ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനമുണ്ട് |
| **പഠനനേട്ടം** | ലഘുകവിതകൾ താളത്തിലും, ഈണത്തിലും ചൊല്ലുന്നു. സമാന താളത്തിൽ ചൊല്ലാവുന്ന വരികൾ രൂപപ്പെടുത്തുന്നു. സർഗാത്മക രചനകളിൽ ഏർപ്പെടുകയും രചനകൾ ക്ലാസിലെ പതിപ്പുകൾ കൈയെഴുത്തു മാസികകൾ തുടങ്ങിയവയിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. |
| **വ്യവഹാര രൂപം** | കവിത, കഥ, കുറിപ്പ് |
| **സാമഗ്രികൾ** | കവിത. ടീച്ചർവേർഷൻ |
| **സമയം** | 5 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. ചിത്രവായന - കവിതയിലേക്ക് 2. കവിതാവായന 3. ഉത്തരം കണ്ടെത്താം 4. വിശകലനചോദ്യങ്ങൾ 5. തലക്കെട്ട് 6. ഈണം കണ്ടെത്താം. 7. മോഹങ്ങൾ എഴുതാം 8. വരികൾ കൂട്ടിച്ചേർക്കാം 9. പകരം പദം കണ്ടെത്താം. 10. വാക്കുകൾ വേർതിരിക്കുക. 11. കഥ എഴുതാം കേൾക്കുക 12. ചൊല്ലി രസിക്കാം. |
| **വായനസാമഗ്രി** | കവിത, കഥ, ടീച്ചർവേർഷൻ |
| **സർഗ്ഗവേള** | കവിത കഥ ചിത്രം |
| **ചുമർ പത്രം** | കവിത. കഥ. മോഹങ്ങൾ |
| **ദിനാചരണം** | |
| **സി.പി.ടി.എ** | കവിതാലാപനം, കഥ, പോസ്റ്റർ പ്രദർശനം |

**പ്രവർത്തനങ്ങൾ-സൂക്ഷ്മപ്രക്രിയ**

**1. ചിത്രവായന : കവിതയിലേക്ക് (30 മിനിറ്റ്)**

ടെക്സ്റ്റ് ബുക്ക് പേജ് 89 ലെ ചിത്രം കാണുന്നു. ചിത്രത്തിൽ എന്തൊക്കെ? ആരെല്ലാം? അവർ എന്താണ് ചെയ്യുന്നത്? ദിനോസറിന്റെ പുറത്ത് കോണിവെച്ച് കയറിയ കുട്ടിയെ നോക്കൂ. അവന്റെ സന്തോഷം കണ്ടില്ലേ? അവന്റെ ഏറ്റവും വലിയ മോഹമായിരുന്നു അത്. ചിത്രത്തിലെ മറ്റുള്ളവരുടെ മോഹങ്ങൾ എന്തൊക്കെയാവാം?

കുട്ടികൾ പറയുന്നു. ടീച്ചർ ചാർട്ടിൽ എഴുതുന്നു. ഇതുപോലെ നിങ്ങൾക്കും മോഹങ്ങളില്ലേ? എഴുതി നോക്കാം. വ്യക്തിരചന, അവതരണം; ടീച്ചർ രേഖപ്പെടുത്തുന്നു. നീലാകാശം എന്ന കവിതയിൽ നിങ്ങളെപ്പോലുള്ള ഒരു കുട്ടിയുടെ മോഹത്തെക്കുറിച്ചാണ് പറയുന്നത്. നിങ്ങളുടെ മോഹവും കുട്ടിയുടെ മോഹവും ഒന്നുതന്നെയാണോ? എങ്ങനെ അറിയാം?

**2. കവിതാവായന (40 മിനിറ്റ്)**

വ്യക്തിഗതവായന, കണ്ടെത്തിയ ആശയം ചില കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ രേഖപ്പെടുത്തുന്നു. കുട്ടികളുടെ മോഹങ്ങളും കവിതയിലെ കുട്ടിയുടെ മോഹവും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുന്നു. ആരാണ് കണ്ടെത്തിയത്? എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എല്ലാവർക്കും കണ്ടെത്താൻ കഴിയേണ്ടേ? എന്തുകൊണ്ടാണ് എല്ലാവർക്കും കണ്ടെത്താൻ കഴിയാത്തത്? (വായിക്കാൻ കഴിഞ്ഞില്ല. അർത്ഥം അറിയില്ല ആശയം ഗ്രഹിക്കാൻ കഴിഞ്ഞില്ല) എങ്ങനെ ആശയം ഉറപ്പിക്കാം? ഒരിക്കൽ കൂടി വായിക്കുക. അറിയുന്നത് (✓) അറിയാത്തത് (X) ഇഷ്ടപ്പെട്ടത് (-) എന്നിങ്ങനെ പെൻസിൽകൊണ്ട് അടയാളമിടുന്നു. അറിയാത്ത പദങ്ങൾ പദശേഖര പുസ്തകത്തിൽ കുറിയ്ക്കുന്നു. ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത് അവതരണം, ചർച്ച. ടീച്ചർ വേണ്ട നിർദ്ദേശങ്ങൾ നൽകി വ്യക്തത വരുത്തുന്നു.

**പ്രതികരണ പേജിലേക്ക്**

വായനയിൽ പ്രയാസം നേരിട്ടുവരുണ്ടോ? എല്ലാവർക്കും വായിക്കാൻ കഴിഞ്ഞോ? പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞോ?



**3. ഉത്തരം കണ്ടെത്താം (30 മിനിറ്റ്)**

കുട്ടികൾ പാഠപുസ്തകത്തിലെ ചോദ്യങ്ങൾ സ്വയം വായിച്ച് ഉത്തരം കണ്ടെത്തി നോട്ട്ബുക്കിൽ എഴുതുന്നു. പിന്നീട് ഗ്രൂപ്പിൽ ഓരോന്നായി അവതരിപ്പിക്കുന്നു. പൊതു അവതരണം ടീച്ചർ ക്രോഡീകരിക്കുന്നു. ആകാശത്തിന്റെ സവിശേഷതകൾ എന്തെല്ലാം? എന്താവാം ചിന്താശൂന്യമായ മോഹം? നീലാകാശത്തിൽ പക്ഷി കണക്കേ പറക്കാൻ മോഹം, മോഹം എങ്ങനെ സാധിക്കുമെന്നാണ് കുട്ടി സങ്കൽപ്പിക്കുന്നത്, എന്താണ് മനസ്സിനുള്ള ശക്തി? കുട്ടിയുടെ സങ്കല്പത്തിലെ ഗഗനരഥം എന്താവാം?  വർക്ക്ഷീറ്റ് 3120 നൽകുന്നു. കുട്ടികൾ വ്യക്തഗതമായി എഴുതുന്നു. തുടർന്ന് ഗ്രൂപ്പിലും പൊതുവായും ചർച്ച ചെയ്ത് ക്രോഡീകരിക്കുന്നു.

**4. വിശകലന ചോദ്യങ്ങൾ (20 മിനിറ്റ്)**

ചിന്താ ശൂന്യത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്? മനസ്സിന്റെ ശക്തി ഒരാളുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു? ചോദ്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി ഉത്തരമെഴുതുന്നു. മൂന്നംഗ ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുന്നു. ഓരോ ഗ്രൂപ്പും പൊതുവായി അവതരണം ചർച്ച. ടീച്ചർവേർഷൻ അവതരണം.

**ടീച്ചറുടെ രചന**

ചിറകില്ലാത്ത ജീവികൾക്ക് പറക്കാൻ കഴിയില്ല. എന്നാൽ മനസ്സുകൊണ്ട് എവിടെയുമെത്താൻ കഴിയുന്നുണ്ട്. ചിറകില്ലാതെ പറക്കാൻ കഴിയുമോ? എന്ന ചിന്ത തന്നെ ആലോചനയില്ലാത്തത്താണ്. ഇച്ഛാശക്തികൊണ്ട് ഏത് കാര്യത്തെയും തരണം ചെയ്യാനും എന്തും നേടിയെടുക്കാനും മനുഷ്യന് കഴിയും.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും ആശയം കണ്ടെത്താൻ കഴിഞ്ഞോ? ആഴത്തിലുള്ള വായനക്ക് ചർച്ചകളിലെ പങ്കാളിത്തം സഹായമാകുന്നുണ്ടോ? ടീച്ചറുടെ ഇടപെടൽ എത്രമാത്രം ആവശ്യമായി വന്നു? പിന്നോക്കക്കാരെ ഇതിൽ ഉൾപ്പെടുത്തിയത് എങ്ങനെ? ടീച്ചർ എന്ന നിലയിൽ തിരിച്ചറിവ് എന്ത്?

**5. തലക്കെട്ട് നൽകാം (20 മിനിറ്റ് )**

കവിതയുടെ ആശയം ഗ്രഹിച്ചു കഴിഞ്ഞാൽ ആ ആശയം വരുന്ന വിധത്തിൽ / പ്രതിഫലിപ്പിക്കുന്ന വിധത്തിൽ വ്യത്യസ്തമായ തലക്കെട്ടുകൾ വ്യക്തിഗതമായി കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം. തലക്കെട്ടിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ് എന്ന് ചർച്ച നടക്കണം, ചുരുങ്ങിയ വാക്കുകളിലുള്ളത്, സൗന്ദര്യമുള്ളത്, മറ്റ് അർത്ഥ സാധ്യതകൾ ഉള്ളത്. ഗ്രൂപ്പിൽ അവതരിപ്പിച്ച് പൊതു അവത

രണം നടത്തുന്നു. ടീച്ചർ ചാർട്ട് ചെയ്യുന്നു. ടീച്ചർവേർഷൻ അവതരണം

ടീച്ചർ വേർഷൻ : മോഹം. അതിരുകൾക്കപ്പുറം മോഹപക്ഷി, വരൂ പറക്കാം, ചിറകിലേറാം

**6. ഈണം കണ്ടെത്താം :** മൗന വായനയ്ക്ക് ശേഷം സംഘം ചേർന്ന് അനുയോജ്യമായ ഈണത്തിൽ ചൊല്ലുന്നു. കവിതയക്ക് ആശയത്തിന് യോജിച്ച താളവും ഭാവവും ഉൾക്കൊള്ളുന്ന ഈണം കണ്ടെത്താൻ ശ്രദ്ധിക്കണം.

**7. മോഹങ്ങൾ എഴുതാം (40 മിനിറ്റ്)**



ആകാശത്തു പറന്നു നടക്കണമെന്ന മോഹം മനസ്സിൽ ജനിച്ച കുട്ടി തന്നെയായിരിക്കില്ലേ ഗോളാന്തര യാത്രകൾ സ്വപ്നം കണ്ടതും. ഇങ്ങനെ കാലങ്ങളായുള്ള മനുഷ്യരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങളായതാണ് നമ്മുടെയൊക്കെ ഇന്നത്തെ ജീവിത സുഖസൗകര്യങ്ങൾക്ക് കാരണം, കുട്ടികൾ അവരുടെ ഒരു മോഹം കുറിപ്പായി വ്യക്തിഗതമായി എഴുതുന്നു. കവിതയിലെ കുട്ടിയെപ്പോലെ നിങ്ങൾക്കും മോഹങ്ങളില്ലേ? നിങ്ങളുടെ ശ്രമംകൊണ്ട് നേടിയെടുക്കാൻ കഴിയും എന്ന് നിങ്ങൾ വിചാരിക്കുന്ന മോഹം ഏതാണ്? ആരായി തീരാനാണ് ആഗ്രഹം? എന്തുകൊണ്ടാണ് അങ്ങനെ ആഗ്രഹിക്കുന്നത്? എന്നീ ചോദ്യങ്ങളിലൂടെ ടീച്ചർ ആവശ്യമായ ആശയ വ്യക്തത നൽകണം. ഗ്രൂപ്പിൽ അവതരണം, മെച്ചപ്പെടുത്തൽ പൊതു അവതരണം : ടീച്ചർവേർഷൻ അവതരണം

**എഡിറ്റിംഗ് :** ശരാശരി നിലവാരമുള്ള ഒരു കുറിപ്പ് എഡിറ്റ് ചെയ്യുന്നു.

വിശകലനാത്മക ചോദ്യത്തിലൂടെ എഡിറ്റ് നടത്തുന്നു. (ആശയം, വാക്യഘടന, പദം, അക്ഷരം, വ്യവഹാരരൂപം) കുട്ടികൾ സ്വന്തം രചന മെച്ചപ്പെടുത്തുന്നു. മെച്ചപ്പെടുത്തിയ രചന പോർട്ട് ഫോളിയോയിലേക്ക്,

**8. വരികൾ കൂട്ടിച്ചേർക്കാം (30 മിനിറ്റ് )**



കുട്ടികൾ നിരർത്ഥകമായ പദങ്ങൾ കൂട്ടിച്ചേർത്ത് താളത്തിൽ ചൊല്ലി നടക്കുന്നത് കണ്ടിട്ടില്ലേ? അതിന്റെ സ്വാഭാവിക തുടർച്ച വളർച്ച എന്ന നിലയിൽ വരികൾ കൂട്ടിച്ചേർക്കാം. ടെക്സ്റ്റ് ബുക്ക് പേജ് 91 ലെ തന്നിരിക്കുന്ന നാലുവരിക്ക് തുടർച്ചയായ വരികൾ എഴുതാൻ ആവശ്യപ്പെടുന്നു. വ്യക്തിഗതമായി വരികൾ എഴുതുന്നു. ഗ്രൂപ്പിൽ അവതരണം, മെച്ചപ്പെടുത്തി പൊതു അവതരണം (ഓരോ ഗ്രൂപ്പിലെയും മെച്ചപ്പെട്ട വരികൾ കൂട്ടിച്ചേർത്ത് ഗ്രൂപ്പിന്റേതായ ഒരു കവിത അവതരിപ്പിക്കുന്നു) ടീച്ചർവേർഷൻ, അവതരണം, സ്വന്തം രചനയുമായി താരതമ്യം ചെയ്യൽ.

**9. പകരം പദം കണ്ടെത്താം (20 മിനിറ്റ് )**

കവിതയിൽ ഒരു പദത്തിനും മറ്റൊരു പദം പൂർണ്ണമായ അർത്ഥത്തിൽ യോജിക്കില്ല. എങ്കിലും പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെയ്യാവുന്ന ഒരു പ്രവർത്തനമാണിത്. ടെക്സ്റ്റ് ബുക്ക് പേജ് 93ൽ നൽകിയിരിക്കുന്ന വാക്കുകൾക്ക് പകരം പദങ്ങൾ കുട്ടികൾ കവിതയിൽ നിന്നും വ്യക്തിഗതമായി കണ്ടെത്തുന്നു. ഗ്രൂപ്പിൽ അവതരണം, പൊതു അവതരണം ടീച്ചർ ക്രോഡീകരിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ നടത്തുന്നു.

**10. വാക്കുകൾ വേർതിരിക്കുക (30 മിനിറ്റ്)**

പദങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന പ്രയോഗ ഭംഗിയും അക്ഷരങ്ങളിലും ചിഹ്നങ്ങളിലും വരുന്ന മാറ്റങ്ങളും കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. കുട്ടികൾ വ്യക്തിഗതമായി പദങ്ങൾ വേർതരിച്ചെഴുതുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ക്ലാസിൽ അവതരണം ടെക്സ്റ്റ് ബുക്ക് പേജ് 92ൽ കൊടുത്തതല്ലാതെ കവിതയിൽ ഇത്തരം പദങ്ങൾ വേറെയുണ്ടോ?

**11. കഥ എഴുതാം ( 40 മിനിറ്റ് )**



പാഠ ഭാഗത്തിന്റെ ആദ്യഭാഗത്ത് നൽകിയ ചിത്രം (പേജ് 89) നോക്കി കഥ എഴുതാം. മൂന്ന് കൂട്ടുകാർ നിധി തേടിയുള്ള ഒരു യാത്രയിലാണ്. ആരെല്ലാമാണ് അവരെ സഹായിക്കുന്നത്? ഏതെല്ലാം വഴിയിലൂടെയാണ് അവർ സഞ്ചരിക്കുന്നത്? കുട്ടികളുടെ ഭാവനയെ ഉണർത്തി സങ്കല്പങ്ങളുടെ മായിക ലോകത്തേക്ക് ഉയർത്തുന്ന രീതിയിൽ ഒരു പൊതു ചർച്ചയാവാം. വ്യക്തിഗതമായി കഥ എഴുതുന്നു.

ഗ്രൂപ്പിൽ അവതരിപ്പിച്ചിരിക്കുന്നു. ക്ലാസിൽ പൊതു അവതരണം - വീണ്ടും മെച്ചപ്പെടുത്തി എഴുതൽ ആവശ്യമായ ചിത്രങ്ങളടക്കം കഥാപതിപ്പ് തയ്യാറാക്കൽ. ടീച്ചർവേർഷൻ അവതരണം.



**12. ചൊല്ലി രസിക്കാം :** കുട്ടികളെ വ്യത്യസ്ത ഗ്രൂപ്പുകളാക്കി വായനാ സാമഗ്രികൾ നൽകിയിരിക്കുന്ന കവിതകൾ മുഴുവനായോ നിർദ്ദേശിച്ച വരികളോ ചൊല്ലുന്നതിന് അവസരം ഒരുക്കാം. വ്യത്യസ്ത താളത്തിൽ ചൊല്ലൽ, ആശയത്തിന്റെ ദൃശ്യങ്ങൾ പ്രദർശിപ്പിച്ച് ചൊല്ലൽ, അഭിനയിച്ച് ചൊല്ലൽ, കവിത ആസ്വദിച്ച് ചൊല്ലുന്നതിനും പുതിയ കവിതകൾ ശേഖരിക്കുന്നതിനും പ്രേരണയാകും വിധം വായനാ സാമഗ്രികൾ ഉപയോഗപ്പെടുത്തണം.

P E N C I L

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ്-3120

| ക്ലാസ് : 3 | യൂണിറ്റ് 7 - ഒരു സ്വപ്നം പോലെ | മൊഡ്യൂൾ 13. | നീലാകാശം |
|---|---|---|---|

## ആശയം കണ്ടെത്താം

| വരികൾ | ആശയം |
|---|---|
| ചിറകില്ലാതെ പറക്കാനാമോ<br>ചിന്താശൂന്യതയല്ലേ? | |
| ഗഗന രഥത്തിൽ കയറിപ്പോകാം<br>ഗതിയില്ലല്ലോ വേറെ | |
| എന്നാലെന്റെ മനസ്സിന് ചെല്ലാ<br>മെല്ലാദിക്കിലുമൊപ്പം | |
| ചിറകില്ലാതെ, രഥമില്ലാതെ<br>പാറാനെങ്ങനെയാവും? | |
| ആരു കൊടുത്തു ശക്തി<br>മനസ്സിന്, ദൂരം തരണം ചെയ്യാൻ | |



| ക്ലാസ് : 3 | യൂണിറ്റ് 7 - ഒരു സ്വപ്നം പോലെ | മൊഡ്യൂൾ 13. | നീലാകാശം |
|---|---|---|---|



# എന്റെ മോഹം

എനിക്ക് ഒരു പൈലറ്റാകണമെന്നാണ് ആഗ്രഹം. ആകാശത്തിലൂടെ പറന്ന് പറന്ന് പോകാൻ എനിക്ക് വലിയ ഇഷ്ടമാണ്. മേഘങ്ങളെ തൊട്ടും മഴത്തുള്ളികളെ തലോടിയും പറന്നുയർന്ന്, കാറ്റിനൊപ്പം പറന്നുതാണ്, ഹായ് എന്തൊരു രസമായിരിക്കും. വിമാനത്തിൽ നിന്ന് നോക്കുമ്പോൾ ഭൂമിയിലെ കാഴ്ചകൾ എങ്ങനെയായിരിക്കും? കുന്നും മലകളും പുഴകളും മരങ്ങളും കടലും കായലും മനോഹരമായ നമ്മുടെ ഭൂമി. രാത്രികളിൽ ദീപാലംകൃതമായ നാടും നഗരവും എല്ലാം മതിയാവോളം കാണണം. പല പല രാജ്യങ്ങളിൽ സഞ്ചരിച്ച് പല പല ഭാഷകളും സംസ്കാരങ്ങളും അറിയണം. രാജ്യത്തിനോടും യാത്രക്കാരോടും ഉത്തരവാദിത്വമുള്ള ഒരു സമർത്ഥനായ പൈലറ്റായിരിക്കും ഞാൻ.



## ഈ വഴി വന്നാൽ...

പൂവും കാവും പൂഞ്ചോലകളും
കൂട്ടരെ നോക്കി ചൊല്ലുന്നു.
എന്തൊരു സുഖമാണീ വഴിവന്നാൽ
കൂട്ടുകൂടി കളിയാടാം.
മയിലും കുയിലും മാൻപേടകളും
കൂട്ടരെ നോക്കി ചൊല്ലുന്നു
എന്തൊരു സുഖമാണീ വഴി വന്നാൽ
ആട്ടമാടി കളിയാടാം
മഞ്ഞും മഴയും കുളിർകാറ്റും
കൂട്ടരെ നോക്കി ചൊല്ലുന്നു
എന്തൊരു സുഖമാണീ വഴി വന്നാൽ
പാറിപ്പാറി പോയീടാം



PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വായനയുടെ വഴിയിലൂടെ-3185

| ക്ലാസ് : 3 | യൂണിറ്റ് 7 - ഒരു സ്വപ്നം പോലെ | മൊഡ്യൂൾ 13. | നീലാകാശം |
|---|---|---|---|



## മാനത്തു പറക്കാം


എല്ലാ നാളും മണ്ണിൽ നടപ്പതി-
നില്ലൊരു കുതുകം നിരൂപിച്ചാൽ
മാനത്തൊന്നു പറക്കാതങ്ങനെ
ഞാനമരുന്നതു ശരിയാമോ?
വിരവൊടു നീലച്ചിറകുകളിയലും
കരി വണ്ടായി തീർന്നെങ്കിൽ
മഞ്ജുളമാം പൊൻ ചിറകുകളിയലും
മഞ്ഞക്കിളിയായ് തീർന്നെങ്കിൽ
ചിറകില്ലാതെ പറക്കാൻ കഴിയും
ഒരു വെൺമുകിലായ് തീർന്നെങ്കിൽ
കാടിന് മുകളിൽ കുന്നിന് മുകളിൽ
മോടി കലർന്നു പറക്കും ഞാൻ
എന്തൊരു രസമാണെന്തൊരു സുഖമാ
ണന്തിവരേയ്ക്കു പറന്നീടാൻ
എല്ലാ നാളും മണ്ണിൽ നടപ്പതി-
നില്ലൊരു കുതുകം നിരൂപിച്ചാൽ

-എം. പി. അപ്പൻ

# ചിറകു വരും മുമ്പ്

ചിറകു കുരുത്തു തുടങ്ങും മുൻപൊരു
ചിന്നക്കുരുവി നിനയ്ക്കുന്നു:
“നീലാകാശം കൂട്ടിന്നരികേ
നിന്നു പതുക്കെ വിളിക്കുന്നു
‘കാടിൻമീതേ വയലിൻമീതേ
കടലിൻമീതേ പോകണമോ,
കുഞ്ഞിക്കാറ്റു കളിച്ചു നടക്കും
കുന്നിൻ ചുമലിലിരിക്കണമോ,
അരുവികൾ പാടിച്ചാടി നടക്കും
ചെരുവുകൾ തോറും ചെല്ലണമോ,
പുലർ കാലത്തിൻ കാന്തികളാലേ
പൂത്ത കിഴക്കും കാണണമോ?
നീലിമയേറിയൊരെന്നുടെ മടിയിൽ
നീ വന്നുടനെ ചേർന്നാലും’
നാണം തോന്നും ചിറകു മുളപ്പൊരു
നാൾ വന്നില്ലെന്നറിയിക്കാൻ
നാളെക്കാലത്തുണരുമ്പോഴേ
നല്ലൊരു ചിറകു മുളച്ചെങ്കിൽ,
വയലിൽ തത്തിക്കതിരുകൾ കൊത്തി,
വാനിൽപ്പാറി നടന്നേനേ!
അമ്മയുമപ്പോളെന്നേക്കണ്ടി-
ട്ടഭിമാനത്തൊടു വന്നേനേ.”
ചിറകു കുരുത്തു തുടങ്ങും മുൻപൊരു
ചിന്നക്കുരുവി കൊതിക്കുന്നു

– ജി. ശങ്കരക്കുറുപ്പ്



PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വായനയുടെ വഴിയിലൂടെ-3187

DIET MALAPPURAM

| ക്ലാസ് : 3 | യൂണിറ്റ് 7 - ഒരു സ്വപ്നം പോലെ | മൊഡ്യൂൾ 13. | നീലാകാശം |
|---|---|---|---|

# ഒരു ചിരിക്കു പിന്നിൽ



ദീപൂ, ദീപൂ.... പൊട്ടിച്ചിരിക്കുന്ന ദീപുവിനെ മീനു കുലുക്കിയുണർത്തി, എന്താ ദീപൂ ചിരിക്കുന്നത്? അതോ ഞാൻ ഒരു സ്വപ്നം കണ്ടു, നല്ല രസമുള്ള സ്വപ്നം, എന്ത് സ്വപ്നം പറയു കേൾക്കട്ടെ, മീനു ദീപുവിനൊപ്പം കൂടി. അയ്യോ! സമയം ഏഴായോ, ഞാൻ എന്റെ ഹോം വർക്ക് ചെയ്തിട്ടില്ല. ഇന്ന് അബ്ദു മാഷിനോട് കിട്ടിയതു തന്നെ. ദീപു കിടക്കയിൽ നിന്നും ചാടിയെഴുന്നേറ്റു, ദീപു പ്ലീസ് കണ്ട സ്വപ്നം എന്താണെന്നു പറയൂ മീനു നിരക്ക് കൂട്ടി. ഇല്ല ഇപ്പോൾ സമയമില്ല. വൈകുന്നേരം സ്കൂൾ വിട്ടു വരുമ്പോൾ പറയാം.

ദീപുവും ബാലുവും മീനുവും ഒരുമിച്ചാണ് സ്കൂൾ വിട്ട് വരാറുള്ളത്, മീനു ഓർമ്മിപ്പിച്ചു ദീപൂ സ്വപ്നം. ദീപു പറയാൻ തുടങ്ങി.

ബാലുവും മീനുവും ഞാനും ഒരു പാർക്കിൽ കളിക്കുകയായിരുന്നു. ഞാൻ പാർക്കിലെ ദിനോസറിന്റെ പുറത്തുകയറിയിരുന്നു. ബാലു സൈക്കിൾ ഓടിക്കുകയായിരുന്നു. മീനു റിമോട്ടുപയോഗിച്ച് രണ്ട് കുഞ്ഞൻ ദിനോസറുകളെ പറപ്പിക്കുന്നു. പെട്ടെന്ന് ഞാൻ കയറിയിരുന്ന ദിനോസർ എന്നോട് സംസാരിക്കാൻ തുടങ്ങി. ദീപൂ നിന്റെ ക്ലാസിൽ പഠിക്കുന്ന രാഹുൽ ഇപ്പോൾ വരാറില്ലേ? കുറച്ചു ദിവസമായി അവനെ കാണുന്നില്ലല്ലോ രാഹുലിന്റെ അച്ഛന് അസുഖമായതുകൊണ്ട് ഒരാഴ്ചയായി അവൻ ക്ലാസിൽ വരാറില്ലെന്ന് ഞാൻ പറഞ്ഞു. അവർ വളരെ പാവപ്പെട്ടവരാണെന്നും രാഹുൽ ഏറെ വിഷമത്തിലാണെന്നും പറഞ്ഞപ്പോൾ ദിനോസർ അവരെ സഹായിക്കാമെന്നേറ്റു. അതെങ്ങിനെ? ദൂരെ ദൂരെ കടലിനുമപ്പുറം ഒരു ദ്വീപുണ്ട്. ആ ദ്വീപിൽ ആനയുടെ രൂപത്തിലുള്ള ഒരു പാറയുണ്ട്. ആ പാറയ്ക്കടിയിലെ ഗുഹയിൽ ഒരു നിധിയുണ്ട്. ങേ? നിധിയോ? അതെ സത്യം അവിടെ നിധിയുണ്ട്. പക്ഷെ ആ ദ്വീപിലെത്തുന്നത് എങ്ങനെ?

ദിനോസർ പറഞ്ഞു.

“നിങ്ങൾക്ക് കുഞ്ഞൻ ദിനോസറുകളുടെ പുറത്ത് കയറിപോകാം. നിധികിട്ടാൻ മൂന്ന് മന്ത്രങ്ങൾ ചൊല്ലണം. അത് ഞാൻ പഠിപ്പിക്കാം.” അങ്ങനെ നമ്മൾ മന്ത്രങ്ങൾ പഠിച്ച് കുഞ്ഞൻ ദിനോസറുകളുടെ പുറത്ത് കയറി കടലിനു മുകളിലൂടെ യാത്ര തുടങ്ങി.

ഹായ് എന്തു രസമാണ് കടൽ കാണാൻ. മീനു താഴേക്ക് നോക്കി. മീനു മന്ത്രം മറക്കണ്ട. ബാലു പറഞ്ഞു. നമ്മൾ ദ്വീപിലിറങ്ങി. പാറ കണ്ടുപിടിച്ചു. ഗുഹയിലിറങ്ങി. നിധിയെടുത്ത് തിരിച്ചുപറന്നു.

കുഞ്ഞൻ ദിനോസറുകൾക്ക് എന്തൊരു വേഗം! ദീപു മുറുകെ പിടിച്ചോളു ഇല്ലെങ്കിൽ നമ്മൾ താഴെ വീഴും. ബാലു വിളിച്ചുപറഞ്ഞു. മീനൂ പേടിച്ച് കണ്ണടച്ചിരിക്കുകയാണ്. പെട്ടെന്ന് കുഞ്ഞൻ ദിനോസറുകൾ കുത്തനെ താഴ്ന്ന് പറന്നു. പാർക്കിലെ മണലിൽ ഉരുണ്ടുരുണ്ടു പോയപ്പോൾ ഞാൻ പൊട്ടിച്ചിരിച്ചു. അപ്പോഴാണ് ഈ മീനു എന്നെ വിളിച്ചുണർത്തിയത്.